98 (678) പുതിയ നൂറ്റാണ്ടിൽ എല്ലാവർക്കും ഭവനം എന്ന പദ്ധതി

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ നൂറ്റാണ്ടിൽ മുഴുവൻ ആളുകൾക്കും ഭവനം നൽകാനുള്ള സർക്കാരിന്റെ പരിപാടി വിജയിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) ഇനിയും ഭവനരഹിതരായ എത്ര ആളുകൾ ഉണ്ടാകും എന്ന് വ്യക്തമാക്കുമോ;

(സി) 'പുതിയ നൂറ്റാണ്ടിൽ എല്ലാവർക്കും ഭവനം' എന്ന പരിപാടി പ്രാവർത്തികമാക്കാൻ സർക്കാരിന് പുതിയ പരിപാടി എന്തെങ്കിലുമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഭവന നിർമ്മാണ പദ്ധതിയുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി നടന്നുവരികയാണ്.

(ബി) കൃത്യമായ വിവരം ലഭ്യമല്ല. ഇതുസംബന്ധിച്ച് വിശദമായ പഠനം ആവശ്യമാണ്.

(സി) നിലവിലുള്ള പദ്ധതികൾക്കു പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുത്ത് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ സ്വരൂപിച്ച് ഭവന രഹിതരായവർക്ക് വീട് നിർമ്മിച്ച് നൽകാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാൻ, അത്തരം സ്ഥാപനങ്ങളെ പ്രോൽസാഹിപ്പിക്കുന്നുണ്ട്.

99 (679) കേന്ദ്രസർക്കാരിന്റെ തൊഴിലുറപ്പു പദ്ധതി

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുന്ന സംസ്ഥാനത്തെ വിവിധ ബ്ലോക്ക് പഞ്ചായത്തുകളിലായി 1998 ജനുവരി മുതൽ 2000 ജനുവരി വരെ എത്ര പദ്ധതിക്ക് ഏറ്റെടുത്ത് പണി പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ജലസേചനപദ്ധതികൾ എന്നിവ എത്രവീതം പൂർത്തീകരിച്ചു എന്ന് കാണിക്കുന്ന സ്റ്റേറ്റുമെന്റ് നൽകുമോ:

(സി) ഈ കാലയളവിൽ എത്ര തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ നൽകി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

	ഏറ്റെടുത്തത്	പൂർത്തിയായത്
1997-98	5369	2326
1998-99	5674	2605
1999-2000	5065	2090

LIBRARY ARCHIVES Kerala Legislative Assembly